മാതൃഭൂമി

# കാർഷിക ഗവേഷണ സമ്പ്രദായം മാറ്റണം- കേന്ദ്ര മന്ത്രി

കൊച്ചി: ഇപ്പോഴുള്ള കാർഷിക ഗവേഷണ സമ്പ്രദായത്തിന് മാറ്റം വരുത്തണമെന്ന് കേന്ദ്ര കൃഷി സഹ മന്ത്രി ഡോ. സഞ്ജീവ് കുമാർ ബല്യാൻ അഭിപ്രായപ്പെട്ടു. കർഷകർക്ക് പ്രാധാന്യം നൽകിയുള്ള ഗവേഷണമാണ് വേണ്ടത്. കാർഷിക മേഖലയിൽ മുന്നേറുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര കാർഷിക കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഡയറക്ടർമാരെയും ശാസ്ത്രജ്ഞരെയും അഭിസംബോധനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമുദ്ര കൂടുകൃഷി കൂടുതൽ വ്യവസ്ഥാപിതമാക്കുന്നതിന് മാരി കൾച്ചർ പോളിസി രൂപപ്പെടുത്തണമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ആവശ്യപ്പെട്ടു.

സി.ഐ.എഫ്.ടി., സിഫ്നെറ്റ്, എഫ്.എസ്.ഐ., നിഫാറ്റ്, എൻ.ബി.എഫ്.ജി.ആർ., സിഫ്രി, കോക്കനട്ട് ഡവലപ്മെൻറ് ബോർഡ്, സ്പൈസസ് ബോർഡ്, പ്ലാൻറ് ക്വാരൻൈറൻ ഇൻഫർമേഷൻ സിസ്റ്റം, ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആൻഡ് കൊക്കോ ഡവലപ്മെൻറ് എന്നി സ്ഥാപനങ്ങളിലെ മേധാവികളും ശാസ്ത്രജ്ഞരും യോഗത്തിൽ സംബന്ധിച്ചു. ഡോ. ആർ. നാരായണ കുമാർ നന്ദി പറഞ്ഞു.

June 17, 2016